**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 461

27.09.2016-ൽ മറുപടിക്ക്

## സഹകരണ മേഖല നേരിടുന്ന പ്രതിസന്ധികൾ

**ചോദ്യം**

**ശ്രീ.പി.ഉബൈദുള്ള :**

**മറുപടി**

**ശ്രീ. എ.സി. മൊയ്തീൻ**
**(സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) സഹകരണ വകുപ്പിന് കീഴിലുള്ള വിവിധ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, സൊസൈറ്റികൾ എന്നിവയിലെ നിക്ഷേപങ്ങൾ സംബന്ധിച്ച വിവരം റിസർവ് ബാങ്കിനോ മറ്റ് കേന്ദ്ര/ സംസ്ഥാന ഏജൻസികൾക്കോ കൈമാറേണ്ടതായിട്ടുണ്ടോ; വിശദമാക്കുമോ;

(എ) സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ/ സൊസൈറ്റികൾ എന്നിവയിലെ നിക്ഷേപങ്ങൾ സംബന്ധിച്ച വിവരം റിസർവ് ബാങ്കിനോ മറ്റ് ഏജൻസികൾക്കോ കൈമാറേണ്ടതായിട്ടില്ല. എന്നാൽ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133 (6) പ്രകാരം സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെട്ട് കൊണ്ടുള്ള ആദായ നികുതി വകുപ്പ് അധികൃതരുടെ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത 7460/13 നമ്പർ സിവിൽ അപ്പീൽ (എസ്.എൽ.പി 39760/2010) തീർപ്പാക്കി 27.08.2013-ൽ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായ നികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം സഹകരണ സംഘങ്ങളിലെ

| | |
|---|---|
| | നിക്ഷേപങ്ങൾ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കാനുള്ള ആദായ നികുതി വകുപ്പിന്റെ അധികാരം ശരിവെച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആദായ നികുതി വകുപ്പ് ആവശ്യപ്പെട്ടാൽ വിവരങ്ങൾ നൽകുവാൻ സർവ്വീസ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ ബാധ്യസ്ഥരാണ്. |
| (ബി) ഇത്തരം നീക്കങ്ങൾ സഹകരണ മേഖലയ്ക്ക് ഭീഷണി ഉയർത്തുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ഉണ്ട്.ആദായ നികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം നിക്ഷേപകരുടെ പേര്, മേൽവിലാസം, നിക്ഷേപതുക എന്നിവ ആവശ്യപ്പെടുന്ന ആദായ നികുതി വകുപ്പിന്റെ നടപടി നിക്ഷേപകരിൽ ആശങ്കയുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) സാധാരണക്കാരാണ് ഇത്തരം സർവ്വീസ് കോപ്പറേറ്റീവ് സ്ഥാപനങ്ങളുടെ ഗുണഭോക്താക്കളെന്നതു പരിഗണിച്ച് സഹകരണ മേഖല നേരിടുന്ന ഇത്തരം പ്രതിസന്ധികൾക്ക് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ? | (സി) സ്വീകരിക്കും.ആദായ നികുതി നിയമം കേന്ദ്ര നിയമമാകയാലും, കേന്ദ്ര സർക്കാരിന്റെ ആദായ നികുതി വകുപ്പിന്റെ നടപടികളായതിനാലും ഈ വിഷയം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**